**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2011** **29-09-2025 - ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴ മണ്ഡലത്തിലെ സാംസ്കാരിക വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2021 മുതൽ നാളിതുവരെ അമ്പലപ്പുഴ മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിക്കും ചലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ? | (എ) | സംസ്ഥാന സർക്കാർ സാംസ്കാരിക വകുപ്പ് മുഖേന കേരളത്തിൽ ഉടനീളം നടപ്പിലാക്കി വരുന്ന ആയിരം യുവ കലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി അമ്പലപ്പുഴ മണ്ഡലത്തിലും നടപ്പിലാക്കി വരുന്നു. കേരളത്തിലെ വിവിധ ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ അടിസ്ഥാനമാക്കി ക്ലസ്റ്ററുകൾ രൂപീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കലാകാരന്മാരെ വിന്യസിച്ചു വരികയും കലാഭ്യസനം നടത്തിവരികയും ചെയ്യുന്നു. രണ്ടു വർഷ കാലാവധിയുള്ള ടി പദ്ധതിയുടെ രണ്ടു ഘട്ടങ്ങൾ പൂർത്തിയാവുകയും മൂന്നാം ഘട്ട വിന്യാസം പൂർത്തിയായി വരികയും ചെയ്യുന്നു. വിവിധ ക്ലസ്റ്ററുകളിലായി വിന്യസിക്കുന്ന കലാകാരന്മാർക്ക് പ്രതിമാസം 10,000/- രൂപ വീതം ഫെലോഷിപ്പ് തുക നൽകി വരുന്നു.<br><br>അമ്പലപ്പുഴ മണ്ഡലത്തിൽ വച്ച് നടന്ന അമ്പലപ്പുഴ സാംസ്കാരികോത്സവത്തിന് 2024-ൽ 5 ലക്ഷം രൂപയും തോട്ടപ്പള്ളി ഫെസ്റ്റിവലിന് 2025-ൽ 7 ലക്ഷം രൂപയും വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്. അമ്പലപ്പുഴ കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് ഇക്കാലയളവിൽ വാർഷിക ധനസഹായമായി 2.25 ലക്ഷം രൂപയും ഗ്രാന്റ് - ഇൻ- എയ്ഡ് വിഹിതമായി 4 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ